2024
JANUARY
23
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ചൈനയിൽ വൻ ഭൂചലനം; വീടുകൾ തകർന്ന് നിരവധി പേർക്ക് പരിക്കേറ്റു

**ബെയ്ജിങ്:** ചൈനയിലെ തെക്കൻ ഷിൻജിയാങ്ങിൽ വൻ ഭൂചലനം.  തിങ്കളാഴ്ച രാത്രിയാണ് 7.2 തീവ്രത രേഖപ്പെടുത്തിയ പ്രകമ്പനം റിപ്പോർട്ട് ചെയ്തത്. ചൈനയിലെ വുഷി കൗണ്ടിയിലാണ് പ്രഭവകേന്ദ്രം.

80 കിലോമീറ്ററോളം ഭൂചലനത്തിന്റെ തീവ്രത അനുഭവപ്പെട്ടെന്ന് നാഷനൽ സെന്റർ ഓഫ് സീസ്മോളജി അറിയിച്ചു. നിരവധി പേർക്കു പരുക്കേറ്റതായും വീടുകൾ തകർന്നതായും റിപ്പോർട്ടുണ്ട്. ഷിൻ ജിയാങ് റെയിൽവേ വകുപ്പ് പ്രവർത്തനം നിർത്തിവച്ചു. 27 ട്രെയിനുകൾ സർവീസ് അവസാനിപ്പിച്ചതായി അധികൃതർ പറഞ്ഞു.

വലിയ ഭൂചലനത്തിനു പിന്നാലെ 3.0 തീവ്രതയിലും അതിലും ഉയർന്നതുമായ 14 തുടർ ചലനങ്ങൾ പ്രഭവകേന്ദ്രത്തിനു സമീപം രേഖപ്പെടുത്തി. ചൈനയിലെ ഭൂചലനത്തിന്റെ പ്രകമ്പനങ്ങൾ ഡൽഹിയിലും എൻസിആർ മേഖലയിലുമുണ്ടായി.

## കേരളത്തിൽ നിന്ന് അയോധ്യയിലേക്ക് ട്രെയിൻ ജനുവരി 30ന് ആരംഭിക്കും

**പാലക്കാട്:** കേരളത്തിൽ നിന്ന് അയോധ്യയിലേക്കുള്ള ട്രെയിൻ സർവിസുമായി ഇന്ത്യൻ റയിൽവേ. ഈ മാസം 30ന് ആരംഭിക്കുന്ന ആസ്ത സ്പെഷ്യൽ പാലക്കാട് റെയിൽവേ സ്റ്റേഷനിൽ നിന്ന് രാത്രി 7.10ന് പുറപ്പെടുന്ന തരത്തിലാണ് സർവീസ് ക്രമീകരിച്ചത്.

കോയമ്പത്തൂർ, തിരുപ്പൂർ, ഇറോഡ്, സേലം, ജോലോർ പേട്ട, ഗോമതി നഗർ എന്നീ സ്റ്റേഷനുകളിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. ഐ ആർ സി ടി സി ആപ്പ് വഴി ടിക്കറ്റുകൾ ബുക്ക് ചെയ്യാം.

ജനുവരി 30നും ഫെബ്രുവരി 2, 9, 14, 19, 24, 29 തീയതികളിലും പാലക്കാട് നിന്ന് അയോധ്യയിലേക്കും, തിരികെ ഫെബ്രുവരി 3, 8, 13, 18, 23, 28, മാർച്ച് 4 തീയതികളിലും സർവീസ് ഉണ്ടായിരിക്കും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ നിന്ന് ഫെബ്രുവരി 22ന് അയോധ്യയിലേക്ക് പ്രത്യേക ട്രെയിൻ സർവീസ് ഉണ്ടായിരിക്കും.

# ഒരു കോടി വീടുകളിൽ സോളർ

## പുതിയ പദ്ധതി പ്രഖ്യാപിച്ച് പ്രധാനമന്ത്രി

**ന്യൂഡൽഹി:** വീടുകളിൽ സോളർ പാനലുകൾ സ്ഥാപിക്കാൻ ആളുകളെ സഹായിക്കുന്ന 'പ്രധാനമന്ത്രി സൂര്യോദയ യോജന' പദ്ധതി പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഒരു കോടി വീടുകളിൽ പുരപ്പുറ സൗരോർജ പദ്ധതി നടപ്പാക്കുകയാണ് ലക്ഷ്യം. പദ്ധതി സാധാരണക്കാരുടെ വൈദ്യുതി ബിൽ കുറയ്ക്കുക മാത്രമല്ല, ഇന്ത്യയെ ഊർജ മേഖലയിൽ സ്വയം പര്യാപ്തമാക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. അയോധ്യയിൽനിന്ന് മടങ്ങിയെത്തിയ ശേഷമുള്ള തന്റെ ആദ്യ തീരുമാനമെന്ന് അറിയിച്ചാണ് അദ്ദേഹം പദ്ധതി പ്രഖ്യാപിച്ചത്.

"ലോകത്തിലെ എല്ലാ ഭക്തർക്കും സൂര്യവംശിയായ ശ്രീരാമന്റെ പ്രകാശത്തിൽനിന്ന് എപ്പോഴും ഊർജം ലഭിക്കുന്നു. ഇന്ന്, അയോധ്യയിലെ ചടങ്ങിനിടെ, ഇന്ത്യയിലെ ജനങ്ങൾക്ക് അവരുടെ വീടുകളുടെ മേൽക്കൂരയിൽ സ്വന്തമായി സോളാർ റൂഫ്ടോപ്പ് സംവിധാനം ഉണ്ടായിരിക്കണം എന്ന എന്റെ ആഗ്രഹം കൂടുതൽ ശക്തിപ്പെട്ടു.



ഒരു കോടി വീടുകളിൽ റൂഫ്ടോപ്പ് സോളർ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ നമ്മുടെ സർക്കാർ 'പ്രധാനമന്ത്രി സൂര്യോദയ യോജന' പദ്ധതി ആരംഭിക്കും.

അയോധ്യയിൽനിന്ന് മടങ്ങിയെത്തിയശേഷം ഞാൻ എടുത്ത ആദ്യ തീരുമാനമാണിത്. ഈ പദ്ധതി പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും വൈദ്യുതി ബിൽ കുറയ്ക്കുക മാത്രമല്ല, ഊർജ മേഖലയിൽ ഇന്ത്യയെ സ്വയം പര്യാപ്തമാക്കുകയും ചെയ്യും" അദ്ദേഹം എക്സ് (ട്വിറ്റർ) പ്ലാറ്റ്ഫോമിൽ പോസ്റ്റ് ചെയ്തു.

## പ്രാണപ്രതിഷ്ഠ ആഘോഷമാക്കി രാജ്യമെങ്ങും രാമജ്യോതി തെളിയിച്ച് വിശ്വാസികൾ

**ന്യൂഡൽഹി:** അയോധ്യ രാമക്ഷേത്രത്തിലെ പ്രാണപ്രതിഷ്ഠയ്ക്കു പിന്നാലെ 'രാമജ്യോതി' തെളിയിച്ച് ശ്രീരാമവിഗ്രഹ പ്രതിഷ്ഠ ആഘോഷമാക്കി വിശ്വാസികൾ. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനത്തെ തുടർന്നാണ് രാജ്യത്താകെ പലയിടങ്ങളിലായി രാമജ്യോതി തെളിയിച്ചത്.



പ്രാണപ്രതിഷ്ഠാ ചടങ്ങിന്റെ ശുഭകരമായ വേളയിൽ രാമജ്യോതി തെളിയിച്ചു ശ്രീരാമലല്ലയെ സ്വാഗതം ചെയ്യുവാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി പൗരന്മാരോട് അഭ്യർത്ഥിച്ചിരുന്നു. പ്രധാനമന്ത്രി തന്റെ വസതിയിലും ജ്യോതി തെളിയിച്ച് ആഘോഷത്തിന്റെ ഭാഗമായി. ഇതിന്റെ ചിത്രങ്ങൾ അദ്ദേഹം എക്സിൽ പങ്കുവച്ചു. സരയൂ നദിക്കരയിൽ മാത്രം നാലു ലക്ഷത്തോളം ദീപങ്ങളാണ് തെളിയിച്ചത്. ഇതു കൂടാതെ അയോധ്യയാകെ 10 ലക്ഷം ദീപങ്ങളും തെളിയിച്ചിരുന്നു. അയോധ്യ നഗരമാകെ പൂക്കളാലും ദീപങ്ങളാലും അലങ്കരിച്ചിരിക്കുകയാണ്. ഇതിനു പുറമെ ക്ഷേത്രങ്ങളിൽ പ്രത്യേക പൂജകളും നടന്നു.

## നവംബർ ഒന്നോടെ കേരളം ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമാകുമെന്ന്

**തിരുവനന്തപുരം:** നവംബർ ഒന്നോടെ കേരളം ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമാകും. ഇതിനുള്ള  പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി മുഖ്യമന്ത്രി അധ്യക്ഷനായി സമിതി രൂപീകരിക്കും. വിവരശേഖരണം, പരിശീലനം, മൂല്യനിർണയം, മൊബൈൽ ആപ്ലിക്കേഷനും വെബ് പോർട്ടലും വികസിപ്പിക്കൽ എന്നിവയ്ക്ക് നടപടികൾ ആരംഭിച്ചു. എൻസിസി, എൻഎസ്എസ്, സാമൂഹ്യ സന്നദ്ധസേന, കുടുംബശ്രീ, യുവജനക്ഷേമ ബോർഡ് വൊളന്റിയർമാരുടെയും  വിദ്യാർഥികളുടെയും പങ്കാളിത്തം ഉറപ്പാക്കും. ഫെബ്രുവരി 1 മുതൽ 7 വരെ സംസ്ഥാന വ്യാപകമായി വിവരശേഖരം നടത്തും.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സിലബസ് തയാറാക്കി കഴിഞ്ഞു. ഓഗസ്റ്റിൽ പരിശീലനം ലഭിച്ച പഠിതാക്കളുടെ മൂല്യനിർണയം നടക്കും.തദ്ദേശ സ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം, ജില്ല എന്നീ തലങ്ങളിലെ പൂർത്തീകരണ പ്രഖ്യാപനം ഒക്ടോബറിൽ നടക്കും. സംസ്ഥാനം സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയതായുള്ള പ്രഖ്യാപനം നവംബർ ഒന്നിന് നടത്തും.



# ഡോ. അരുൺ ഉമ്മന് അന്താരാഷ്ട്ര അംഗീകാരം



**കൊച്ചി:** കേരളത്തിലെ വിപിഎസ് ലേക്ഷോറിലെ ന്യൂറോസർജൻ ഡോ. അരുൺ ഉമ്മന് പൊതുജന അവബോധത്തിനും സാമൂഹിക പ്രവർത്തനത്തിനും നൽകിയ സമഗ്ര സംഭാവനകൾക്ക് ഓണററി ഡോക്ടറേറ്റ് ലഭിച്ചു. പാരീസിലെ പ്രശസ്ത തേംസ് ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയാണ് അദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് സമ്മാനിച്ചത്.

പൊതുജനാരോഗ്യ ബോധവൽക്കരണത്തിനായി വിവിധ പ്ലാറ്റ്ഫോമുകളിൽ ഡോ അരുൺ ഉമ്മൻ വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. കൂടാതെ സൗജന്യ ഭക്ഷണ വിതരണം, ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പിന്തുണ, മാനസികവും ശാരീരികവുമായ വൈകല്യമുള്ളവർക്കുള്ള പിന്തുണ, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ തുടങ്ങി നിരവധി സാമൂഹിക പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നു. യുവാക്കൾക്കിടയിൽ മയക്കുമരുന്ന് ആസക്തിയെക്കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കുന്നതിനും മയക്കുമരുന്ന് ആസക്തി തടയുന്നതിനും അദ്ദേഹം വളരെയധികം സംഭാവന ചെയ്തിട്ടുണ്ട്.മെഡിക്കൽ ഓങ്കോളജിസ്റ്റ് ഡോ. റോജ ജോസഫാണ് ഭാര്യ. മക്കൾ: ഏഥൻ, എയ്ഡൻ.

# ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്:ആന്വിറ്റി പ്ലാൻ അവതരിപ്പിച്ചു

**തിരുവനന്തപുരം:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ബെനഫിറ്റ് എൻഹാൻസറോടുകൂടിയ ഐസിഐസിഐ പ്രു ഗ്യാരന്റീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി പുറത്തിറക്കി. ഉപയോക്താക്കൾക്ക് പ്രീമിയം വാങ്ങിയ അന്നു മുതൽ എപ്പോൾ വേണമെങ്കിലും അടച്ച പ്രീമിയം 100 ശതമാനം തിരികെ ലഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന, ഇൻഷുറൻസ് മേഖലയിലെ ആദ്യത്തെ ആന്വിറ്റി പ്ലാനാണിതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

വിരമിക്കൽ ആസൂത്രണത്തിന് തയ്യാറെടുക്കുന്ന ഉപയോക്താക്കൾക്ക് ഉണ്ടായേക്കാവുന്ന എല്ലാ ആശങ്കകളും പരിഹരിക്കുന്ന സൗകര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പോളിസി ഉടമകൾക്ക് ജീവിച്ചിരിക്കുന്നിടത്തോളം കാലം വരുമാനം ലഭ്യമാകുന്ന സിംഗിൾ ലൈഫ് ഓപ്ഷനോ മരണശേഷം ജീവിത പങ്കാളിക്ക്, കുട്ടികൾക്ക്, മാതാപിതാക്കൾക്ക് അല്ലെങ്കിൽ സഹോദരങ്ങൾക്ക് വരുമാനം ലഭ്യമാകുന്ന ജോയിന്റ് ലൈഫ് ഓപ്ഷനോ തെരഞ്ഞെടുക്കാൻ അവസരമുണ്ട്. ജോയിന്റ് ലൈഫ് ഓപ്ഷനിൽ പോളിസി ഉടമ മരണപ്പെട്ടാൽ പിന്നീടുള്ള എല്ലാ പ്രീമിയവും ഒഴിവാക്കപ്പെടുകയും രണ്ടാം അവകാശിക്ക് ആജീവനാന്ത സ്ഥിര വരുമാനം ലഭിക്കുകയും ചെയ്യും. അപ്രതീക്ഷിത സാമ്പത്തിക ബാധ്യതകൾ മറികടക്കാൻ ഉപയോക്താക്കളെ സഹായിക്കുന്നതിന് ഈ പദ്ധതി വായ്പ സൗകര്യവും നൽകുന്നുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഗ്രാൻഡ് റിപ്പബ്ലിക് ഡേ സെയിൽ പ്രഖ്യാപിച്ച് സാംസങ്

**കൊച്ചി:** സാംസങ്, തങ്ങളുടെ ഗ്രാൻഡ് റിപ്പബ്ലിക് സെയിൽ പ്രഖ്യാപിച്ചു. ഗാലക്സി സ്മാർട് ഫോണുകൾ, ലാപ്ടോപ്പുകൾ, ടാബ്ലറ്റുകൾ, വെയറബിൾസ്, സാംസങ് ടിവികൾ, മറ്റ് ഡിജിറ്റൽ അപ്ലയൻസസ് തുടങ്ങിയവയ്ക്ക് ബംപർ ഓഫറുകളും, ക്യാഷ് ബാക്കുകളും റിപ്പബ്ലിക് സെയിലിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകും. സാംസങ് ഡോട്ട് കോം, സാംസങ് ഷോപ് ആപ്പ്, സാംസങ് എക്സക്ലൂസീവ് സ്റ്റോറുകൾ എന്നീ പ്ലാറ്റുഫോമുകളിലാണ് ഈ പ്രത്യേക ഓഫറുകൾ ലഭ്യമാവുക. എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, ആക്സിസ് ബാങ്ക്, മറ്റ് മുൻനിര ബാങ്കുകളുടെ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ മുഖേന നടത്തുന്ന ഇടപാടുകളിൽ 22.5% വരെ ക്യാഷ് ബാക്കും (പരമാവധി 25000 രൂപ വരെ) ഉപഭോക്താക്കൾക്ക് സ്വന്തമാക്കാമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഈ ബൊനാൻസ വിൽപ്പനയിൽ ഗാലക്സി എ സീരീസ്, എം സീരീസ്, എഫ് സീരീസ്, എസ് സീരീസ്, ഗാലക്സി ഇസെഡ് സീരീസിന്റെ ഫ്ളാഗ് ഷിപ്പ് മോഡലുകൾ എന്നീ മോഡലുകളിൽ തെരഞ്ഞെടുക്കപ്പെട്ടവ വാങ്ങിക്കുമ്പോൾ ഉപഭോക്താക്കൾക്ക് 57% വരെ കിഴിവ് ലഭിക്കും. പുത്തൻ ഗാലക്സി എസ്24 സീരീസ് മോഡലുകൾ പ്രീ ബുക്കിംഗ് ചെയ്യുന്നവർക്കും അതിശയകരമായ ഓഫറുകൾ സ്വന്തമാക്കാം. ഗ്രാൻഡ് റിപ്പബ്ലിക് ഡേ സെയിലിൽ ഗാലക്സി എസ്23 മോഡൽ 54999 രൂപയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകും. ഗാലക്സി ബുക്ക് ഗോ, ഗാലക്സി ബുക്ക് 3, ഗാലക്സി ബുക്ക് 3 പ്രൊ തുടങ്ങിയ ഗാലക്സി ലാപ്ടോപ്പുകൾക്ക് 46% വരെ കിഴിവും, തെരഞ്ഞെടുത്ത ഗാലക്സി ടാബ്ലറ്റ്സ്, വെയറബിൾസ്, ആക്സസറീസ് എന്നിവയ്ക്ക് 50% വരെ കിഴിവും ലഭിക്കും.

# പരിമിതികൾ മറന്ന് കളിയും ചിരിയുമായി അവർ ഒത്തുകൂടി

**കൊച്ചി:** ചുറ്റുമുള്ളവരിൽ സന്തോഷം നിറച്ച് ഡൗൺസിൻഡ്രോം ബാധിതരായ കുരുന്നുകളും അവരുടെ കുടുംബാംഗങ്ങളും കൊച്ചി അമൃത ആശുപത്രിയിൽ ഒത്തുകൂടി. അമൃതാങ്കണം എന്ന പേരിൽ ഒരുക്കിയ പരിപാടിയിൽ ഡൗൺസിൻഡ്രോം ബാധിതരായ കുട്ടികൾ നേരിടുന്ന വെല്ലുവിളികളെപ്പറ്റിയും അവ പരിഹരിക്കുന്നതിനുള്ള മാർഗങ്ങളെപ്പറ്റിയും വിഗദ്ധർ ക്ലാസെടുത്തു. സിനിമാതാരം സണ്ണി വെയ്ൻ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. സ്വയം ചിന്തിക്കാൻ കുട്ടികൾക്ക് കഴിവുണ്ടെന്നും അതിന് പ്രാപ്തരാക്കാനുള്ള പിന്തുണ മാതാപിതാക്കൾ നൽകണമെന്നും സണ്ണിവെയ്ൻ പറഞ്ഞു.




സിനിമാതാരങ്ങളായ ലക്ഷ്മിപ്രിയയും മനുരാജും ചടങ്ങിൽ പങ്കെടുത്തു. കേരള ആരോഗ്യസർവകലാശാല മുൻ വൈസ് ചാൻസലർ ഡോ.എം.കെ.സി നായർ അധ്യക്ഷനായിരുന്നു. അമൃത ആശുപത്രി പേഷ്യന്റ്സ് സർവീസ് വിഭാഗം ജി.എം ബ്രഹ്മചാരിണി രഹന നന്ദി പ്രകാശിപ്പിച്ചു.ഡൗൺ സിൻഡ്രോം ഫൗണ്ടേഷൻ ഒഫ് ഇന്ത്യയുടെ സ്ഥാപക ഡോ. സുരേഖ രാമചന്ദ്രൻ, ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലെ കൺസൾട്ടന്റ് പീഡിയാട്രീഷ്യൻ ഡോ. ഷാജി തോമസ് ജോൺ, ഹാർട്ട്സ് ഓഫ് ജോയ് സ്ഥാപക ലോറൻ കോസ്റ്റബൈൽ, അമൃത ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗം മേധാവി ഡോ. ആർ. കൃഷ്ണകുമാർ, പീഡിയാട്രിക്സ് ജനറ്റിക്സ് വിഭാഗം മേധാവി ഡോ.ഷീല നമ്പൂതിരി, പീഡിയാട്രിക് വിഭാഗം മേധാവി ഡോ.സി ജയകുമാർ, ഡോ.കെ.പി വിനയൻ, ഡോ. പി.കെ ബ്രിജേഷ്, ഡോ.നിഷ ഭവാനി, ഡോ.മധുമിത തുടങ്ങിയവർ സംസാരിച്ചു.ഡൗൺസിൻഡ്രോം സംബന്ധിച്ച് അവബോധം വളർത്തുന്നതിന്റെ ഭാഗമായി നിരവധി വിഷയങ്ങൾ പരിപാടി ചർച്ച ചെയ്തു. ഡൗൺ സിൻഡ്രോം ബാധിച്ച കുട്ടികൾക്കായി കമ്മ്യൂണിറ്റി ലിവിംഗ് എന്ന ആശയം നടപ്പിലാക്കുന്നത് രക്ഷിതാക്കളുടെ കാലശേഷം അവരെന്ത് ചെയ്യുമെന്ന ആശങ്കയ്ക്ക് പരിഹാരമാകുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടി.

മുൻകാലങ്ങളെ അപേക്ഷിച്ച് ഡൗൺസിൻഡ്രോം ബാധിച്ച കുട്ടികൾ ഇന്ന് മുഖ്യധാരയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നതായും ഇതിൽ രക്ഷിതാക്കളുടെ പങ്ക് വളരെ വലുതാണെന്നും ചർച്ചയിൽ സംസാരിച്ച ആരോഗ്യവിദഗ്ധർ അഭിപ്രായപ്പെട്ടു. നേരത്തെയുള്ള രോഗനിർണയവും ചികിത്സയും വളരെ പ്രധാനമാണെന്നും വിവിധ മേഖലകളെ ഉൾപ്പെടുത്തിയുള്ള ചികിത്സാരീതിയാണ് സ്വീകരിക്കേണ്ടതെന്നും വിദഗ്ധർ പറഞ്ഞു.നാടക, അഭിനയ പരിശീലകനും ഗവേഷകനുമായ ദേവേന്ദ്രനാഥ് ശങ്കരനാരായണന്റെ നേതൃത്വത്തിൽ തീയറ്റർ ശില്പശാലയും പരിപാടിയുടെ ഭാഗമായി നടത്തി. കുരുന്നുകളുടെയും കുടുംബാംഗങ്ങളുടെയും കലാഭിരുചികൾ പ്രദർശിപ്പിക്കാനുള്ള വേദി കൂടിയായിരുന്നു അമൃതാങ്കണം. ഡൗൺ സിൻഡ്രോമിനെ വെല്ലുവിളിച്ച് വളർന്ന സുധാമയി ശ്രീരാമിന്റെ നൃത്തപ്രകടനവും ഫിലിപ്പൈൻസിൽ നിന്ന് എത്തിയ അമ്മമാരുടെ നൃത്തവും അടക്കമുള്ള കലാപരിപാടികൾ അരങ്ങേറി. ആദർശ് സ്കൂൾ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിഫ്രന്റ്ലി ഏബിൾഡ് തുടങ്ങിയ സ്ഥാപനങ്ങളെ ചടങ്ങിൽ ആദരിച്ചു.

# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോൺ: പ്രമോ റൺ സംഘടിപ്പിച്ചു

കൊച്ചി: ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോൺ 2024ന്റെ ഭാഗമായി പ്രമോ റൺ സംഘടിപ്പിച്ചു. എറണാകുളം പ്രസ് ക്ലബ്ബുമായി സഹകരിച്ചു നടത്തിയ പ്രമോ റണ്ണിൽ വിവിധ മാധ്യമ സ്ഥാപനങ്ങളിൽ നിന്നായി നൂറോളം മാധ്യമ പ്രവർത്തകർ പങ്കാളികളായി.



മുൻ ഇന്ത്യൻ ക്രിക്കറ്റ് അമ്പയറും, നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ് ഇൻഡയറക്റ്റ് ടാക്സസ് ആൻഡ് നർകോട്ടിക് ഡയറക്ടർ ജനറലുമായ ഡോ. കെ എൻ രാഘവൻ പ്രൊമോ റൺ ഫ് ളാഗ് ഓഫ് ചെയ്തു. കേരളത്തിന്റെ കായിക സംസ്കാരത്തിൽ കാര്യമായ മാറ്റം കൊണ്ടു വരാൻ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണിന് സാധിക്കുമെന്ന് ഡോ. കെ എൻ രാഘവൻ പറഞ്ഞു. ഏറെ തിരക്കുകൾക്കിടയിലും കായിക വിനോദത്തിന് സമയം കണ്ടെത്തുന്ന മാധ്യമ പ്രവർത്തകരെ അദ്ദേഹം അഭിനന്ദിച്ചു. എറണാകുളം പ്രസ് ക്ലബ് പ്രസിഡന്റ് എം ആർ ഹരികുമാർ, സെക്രട്ടറി സൂഫി മുഹമ്മദ്, സ്പോർട്സ് കമ്മിറ്റി കൺവീനർ അഷ്റഫ് തൈവളപ്പ് എന്നിവർ സംസാരിച്ചു. ഫെബ്രുവരി 11ന് വേൾഡ് അത്ലറ്റിക്സിന്റെ ! അംഗീകൃത മാരത്തൺ റൂട്ടിലാണ് ഇത്തവണയും ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ നടക്കുക. അത്ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരവും മാരത്തോണിന് ലഭിച്ചിട്ടുണ്ട്. 42.195 കി.മീ മാരത്തൺ, 21.097 കി.മീ ഹാഫ് മാരത്തൺ, 10 കി.മീ, 3 കി.മീ ഗ്രീൻ റൺ എന്നീ വിഭാഗങ്ങൾക്കൊപ്പം ഇത്തവണ ഭിന്നശേഷിക്കാർക്കും ശാരീരിക അവശതകൾ നേരിടുന്നവർക്കും വേണ്ടി 1 കിലോമീറ്റർ സ്പെഷ്യൽ റൺ സംഘടിപ്പിക്കുന്നുണ്ട്. പൊതുജനാരോഗ്യവും ശാരീരികക്ഷമതയും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ക്ലിയോസ്പോർട്സാണ് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ സംഘടിപ്പിക്കുന്നത്. ഇന്ത്യൻ അത്ലറ്റുകൾക്കൊപ്പം ഇത്തവണ വിദേശ അത്ലറ്റുകളും പങ്കെടുക്കും. ഓൺലൈൻ രജിസ്ട്രേഷന് www.kochimarathon.in സന്ദർശിക്കുക.




# 'പെനാങ് ഒഡീസി' :റോഡ്ഷോ സംഘടിപ്പിച്ചു

**കൊച്ചി:** പെനാങ് കൺവെൻഷൻ ആന്റ് എക്സിബിഷൻ ബ്യൂറോ നടത്തുന്ന 'പെനാങ് ഒഡീസി' കാമ്പെയ്ന്റെ ഭാഗമായുള്ള റോഡ് ഷോ കൊച്ചിയിൽ സംഘടിപ്പിച്ചു. മുംബൈ, ന്യൂഡൽഹി, ചെന്നൈ എന്നിവിടങ്ങളിലെ വിജയകരമായ പരിപാടികൾക്ക് ശേഷമാണ് കൊച്ചിയിൽ കഴിഞ്ഞ ദിവസം റോഡ് ഷോ സംഘടിപ്പിച്ചത്. സാംസ്കാരിക സമ്പന്നതയുടെയും സമകാലിക ആകർഷണീയതയുടെയും അതുല്യമായ സമ്മിശ്രമായ ഒരു ലക്ഷ്യസ്ഥാനമായ പെനാങ്ങിന്റെ ഓഫറുകളിൽ മുഴുകാൻ ഇന്ത്യൻ യാത്രാപ്രേമികൾക്കും വ്യവസായ പ്രൊഫഷണലുകൾക്കും അവസരമൊരുക്കുക എന്നതായിരുന്നു റോഡ് ഷോയുടെ ലക്ഷ്യം. കൊച്ചിയിൽ നടന്ന ചടങ്ങിൽ പെനാങ് ടൂറിസം മന്ത്രി വോങ് ഹോൺ വായ് സന്നിഹിതനായിരുന്നു.ഇന്ത്യൻ വിപണിയിൽ ബിസിനസ് മീറ്റിംഗുകൾക്കും ഒഴിവുസമയ യാത്രകൾക്കും ഇഷ്ടപ്പെട്ട സ്ഥലമായി പെനാംഗിനെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ പിസിഇബിയുടെ തന്ത്രപരമായ സംരംഭമാണ് 'പെനാങ് ഒഡീസി' കാമ്പെയ്ൻ. ബിസിനസ്സിലും ഒഴിവു സമയങ്ങളിലും ഇരട്ട ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, ഇന്ത്യയിലെ ട്രാവൽ ഏജന്റുമാരുമായി പരസ്പര പ്രയോജനകരമായ ബന്ധം വളർത്തിയെടുക്കാൻ കാമ്പെയ്ൻ ശ്രമിക്കുന്നു. പെനാങ്ങിന്റെ ഒരു പ്രധാന വിപണിയെന്ന നിലയിൽ അതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഇന്ത്യൻ വിപണിയെ ആകർഷിക്കുന്നതിനുള്ള പുതിയ വഴികൾ പര്യവേക്ഷണം ചെയ്യാൻ പെനാംഗ് ഒഡീസി പ്രചാരണം ഒരുങ്ങുകയാണ്.

നെറ്റ്‌വർക്കിംഗ്, സഹകരണം, ബിസിനസ് വിപുലീകരണം എന്നിവയ്ക്കായി ഒരു ഡൈനാമിക് പ്ലാറ്റ്ഫോം സൃഷ്ടിച്ച് ഓരോ നഗരത്തിൽ നിന്നും ഏകദേശം 200ഓളം താല്പര്യക്കാരുടെ ഒത്തുചേരലും റോഡ് ഷോയുടെ ഭാഗമായി സംഘടിപ്പിച്ചു. പെനാങ്ങിന്റെ വൈവിധ്യമാർന്ന ഓഫറുകൾ പ്രദർശിപ്പിക്കാനും അതിരുകൾക്കപ്പുറത്തുള്ള ബന്ധങ്ങൾ കെട്ടിപ്പടുക്കാനും പെനാംഗും ഇന്ത്യൻ യാത്രാ വ്യവസായവും തമ്മിലുള്ള സഹകരണത്തിനുള്ള അപാരമായ സാധ്യതകൾ അനാവരണം ചെയ്യാനും പെനാങ് ഒഡീസി ലക്ഷ്യമിടുന്നു.ഏകദേശം 1 ബില്യൺ മലേഷ്യൻ റിങ്കിറ്റ് മൂല്യം വരുന്ന 1,60,000 പ്രതിനിധികൾ പങ്കെടുത്ത 600 പരിപാടികൾക്ക് പെനാംഗ് ഈ കഴിഞ്ഞ വർഷം ആതിഥേയത്വം വഹിച്ചു. 2024 ഡിസംബർ 31 വരെ 30 ദിവസം വരെ തങ്ങാൻ അനുവദിക്കുന്ന വിസ രഹിത സംവിധാനം അടുത്തിടെ രാജ്യവ്യാപകമായി ഏർപ്പെടുത്തിയതിനാൽ തടസ്സങ്ങളില്ലാതെ മലേഷ്യ സന്ദർശിക്കാൻ ഇന്ത്യക്കാർക്ക് അവസരമൊരുക്കുന്നു. ഈ അവസരം മുൻനിർത്തി ഇന്ത്യയുമായുള്ള നേരിട്ടുള്ള എയർലൈൻ ബന്ധം കൂടുതൽ ശക്തിപ്പെടുത്താനും മലേഷ്യ ഈ അവസരത്തിൽ ശ്രമിക്കുന്നു. ഇന്ത്യൻ വിപണിയിൽ നിന്നുള്ള വർദ്ധിച്ചു വരുന്ന ഡിമാൻഡും താൽപ്പര്യവും തിരിച്ചറിഞ്ഞ്, പെനാങ്ങിന്റെ ഊർജ്ജസ്വലമായ ചാരുത പര്യവേക്ഷണം ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് കൂടുതൽ സൗകര്യപ്രദമായ ഓപ്ഷനുകൾ നൽകിക്കൊണ്ട് അധിക നേരിട്ടുള്ള ഫ്ളൈറ്റുകൾ സ്ഥാപിക്കാൻ പെനാംഗ് സജീവമായി പ്രവർത്തിക്കുന്നു.



# പ്രാണപ്രതിഷ്ഠ ആഘോഷമാക്കി ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല

**കൊച്ചി:** അയോദ്ധ്യ രാമജന്മഭൂമിയിലെ രാംലല്ല പ്രാണപ്രതിഷ്ഠ ആഘോഷമാക്കി ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല. സർവകലാശാലയുടെ വിവിധ ക്യാംപസുകളിൽ വൈവിധ്യമാർന്ന പരിപാടികളാണ് പ്രാണപ്രതിഷ്ഠയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നത്. സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ അധ്യാപകരും വിദ്യാർഥികളും, ജീവനക്കാരും ചടങ്ങുകളിൽ പങ്കെടുത്തു.

രാഘവോത്സവ് എന്ന പേരിലായിരുന്നു ആഘോഷങ്ങൾ സംഘടിപ്പിച്ചത്. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ ഓണക്കൂറിലെ ലളിത വിദ്യാപ്രതിഷ്ഠാനിൽ രാവിലെ ആറിന് ചടങ്ങുകൾ ആരംഭിച്ചു. വിഷ്ണു സഹസ്രനാമാർച്ചനയോടെയായിരുന്നു തുടക്കം. തുടർന്ന് രാമായണപാരായണവും ഭജനയും നടന്നു. ആയോധ്യയിലെ പ്രാണപ്രതിഷ്ഠാ ചടങ്ങുകൾ സർവകലാശാലയുടെ എല്ലാ ക്യാംപസിലും തൽസമയം സംപ്രേക്ഷണം ചെയ്തു. പ്രാണപ്രതിഷ്ഠയുടെ സമയത്ത് ശ്രീരാമചിത്രത്തിൽ പുഷ്പവൃഷ്ടിയും ഒരുക്കിയിരുന്നു. കൊച്ചി വാരിയം റോഡ് ചിന്മയ പ്രഞ്ജാപ്രതിഷ്ഠാനിലെ ചടങ്ങുകൾക്ക് വൈസ് ചാൻസിലർ പ്രൊഫ. അജയ് കപൂർ ഭദ്രദീപം കൊളുത്തിയതോടെ തുടക്കമായി. ശ്രീരാമന്റെ പട്ടാഭിഷേക ചിത്രവുമായി നടത്തിയ ഘോഷയാത്രയിൽ സർവകലാശാലയിലെ അധ്യാപകരും വിദ്യാർഥികളും ജീവനക്കാരും പങ്കെടുത്തു. ആഘോഷങ്ങളുടെ ഭാഗമായി വൈകീട്ട് ആയിരം ചിരാതുകൾ തെളിയിച്ചു. സർവകലാശാലയുടെ പൂണെ കോൽവാനിലെ ചിന്മയ നാദബിന്ദു ഗുരുകുലയിലും ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. പ്രാണപ്രതിഷ്ഠയുടെ ഭാഗമായി എല്ലാ കാംപസിലും പ്രത്യേക ഭജനയും വിദ്യാർഥികളുടെ കലാപരിപാടികളും നടന്നു. പ്രസാദവിതരണവും നടന്നു.

# പുതിയ ശേഖരവുമായി പ്ലാറ്റിനം ഡേയ്സ് ഓഫ് ലവ്



**കൊച്ചി :** വാലന്റൈൻസ് ഡേ ആഘോഷമാക്കാൻ പ്രത്യേക പ്ലാറ്റിനം ഡേയ്സ് ഓഫ് ലവ് കളക്ഷനുകൾ വിപണിയൽ . പരമ്പരാഗത ഡിസൈനുകളുടെ ആധുനിക പതിപ്പുകൾ,സ്ത്രീകൾക്കും പുരുഷന്മാർക്കു മായി തയ്യാറാക്കിയ പ്രത്യേക കളക്ഷനുകൾ എന്നിവ ലഭ്യമാകും. പ്രത്യേകതരം പെൻഡന്റുകൾ, ചെകൾ കമ്മലുകൾ, നെക്ലേസുകൾ തുടങ്ങി ദാമ്പതി കൾക്കായി തയ്യാറാക്കിയിരിക്കു ന്ന പ്ലാറ്റിനം ലവ് ബ്രാൻഡ് ക്ലാസ്സി ചെകൾ, ബസ്ലെറ്റുകൾ എന്നിവയും റീടൈൽ പാർട്ണർ സ്റ്റോറുകളിലൂടെ ലഭ്യമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ദേജൻ വുലിസിവിച്ച് ബ്ലൂ സ്പൈക്കേഴ്സ് പരിശീലകൻ



**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് പ്രൈം വോളിബോൾ ടീമായ ബ്ലൂ സ്പൈക്കേഴ്സ് കൊച്ചിക്ക് പുതിയ വിദേശ പരിശീലകൻ. സെർബിയൻ കോച്ചായ ദേജൻ വുലിസിവിച്ചാണ് പുതിയ പരിശീലകനായി ചുമതയേറ്റത്.സ്ലോവേനിയ നാഷണൽ ടീം, ഇറാൻ നാഷണൽ ടീം, ശ്രീലങ്ക നാഷണൽ ടീം, ചൈനീസ് തായ്പേയ് നാഷണൽ ടീം, സെർബിയൻ നാഷണൽ ടീം, അണ്ടർ 23 ടീം കോച്ചായി പ്രവർത്തിച്ചിരുന്നു. 2019ലെ ഏഷ്യൻ മെൻസ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ അണ്ടർ 23 വിഭാഗം ജേതാക്കളായ മ്യാൻമർ ടീമിന്റെ പരിശീലകനായിരുന്നു. കൂടാതെ നിരവധി ക്ലബ്ബുകൾക്കും പരിശീലനം നൽകിയിട്ടുണ്ട്.മുൻ സീസണുകളെ അപേക്ഷിച്ച് ഇത്തവണ മികച്ച പ്രകടനം കാഴ്ചവെക്കാൻ ടീമിന് സാധിക്കുമെന്ന് പരിശീലക സ്ഥാനം ഏറ്റെടുത്ത ശേഷം ദേജൻ വുലിസിവിച്ച് പറഞ്ഞു. മികച്ച കളിക്കാരാണ് ടീമിന്റെ ശക്തി, കഠിന പരിശീലനത്തിലൂടെ എതിരാളികളെ നേരിടുകയാണ് ടീം ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഫെബ്രുവരി 15 നാണ് ഈ സീസൺ ആരംഭിക്കുന്നത്. ചെന്നൈയിലാണ് ഇത്തവണ മത്സരങ്ങൾ നടക്കുക.

# ഇംഗ്ലണ്ടിലെ ആരോഗ്യരംഗവുമായി കൈകോർത്ത് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ആരോഗ്യരംഗത്തെ അക്കാദമിക ഉന്നമനത്തിന് ഇംഗ്ലണ്ടിലെ എൻ.എച്ച്.എസ്. ഹംബർ ആൻഡ് നോർത്ത് യോർക്ക്ഷെയർ ഇന്റഗ്രേറ്റഡ് കെയർ ബോർഡുമായി ധാരണയിലെത്തി കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റി. ഡോക്ടർമാർക്കും മെഡിക്കൽ ജീവനക്കാർക്കും ആഗോളതലത്തിൽ ഏകീകൃത സ്വഭാവത്തിലുള്ള പരിശീലനവും ഉന്നതപഠനവും സാംസ്കാരികകൈമാറ്റവും പരസ്പര സഹകരണത്തോടെ നടപ്പിലാക്കും. ആസ്റ്റർ മെഡ്സിറ്റിയിൽ പരിശീലനം നേടുന്നവർക്ക് യുകെ നിലവാരത്തിലുള്ള സർട്ടിഫിക്കറ്റുകളും വിദേശരാജ്യങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങളും ലഭിക്കും.



കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന ചടങ്ങിൽ ആസ്റ്റർ ഇന്ത്യയുടെ വൈസ് പ്രസിഡണ്ട് ഫർഹാൻ യാസിൻ ആണ് ധാരണാപത്രം ഒപ്പിട്ടത്. ആസ്റ്റർ മെഡ്സിറ്റിയിലെ അക്കാദമിക് അഫെയർസ് ട്രെയിനിങ് പ്രോഗ്രാം ഡയറക്ടർ ഡോ. ഗീത ഫിലിപ്സ് (ഇന്റേണൽ മെഡിസിൻ ട്രെയിനിങ് യുകെ), മെഡിക്കൽ സർവീസസ് ചീഫ് ഡോ. അനുപ് ആർ വാര്യർ, ഉപദേഷ്ടാവ് ഡോ. വി. നാരായണൻ ഉണ്ണി എന്നിവർ ചടങ്ങിന് സാക്ഷ്യം വഹിച്ചു. നോർത്തേൺ ലിങ്കൺഷെയർ ആൻഡ് ഗൂൾ എൻ.എച്ച്.എസ് ഫൗണ്ടേഷൻ ട്രസ്റ്റിൽ നിന്നുള്ള പോൾ ബന്യൻ (ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പീപ്പിൾ), ഡേവിഡ് സ്പ്രൗക (ഹെഡ് ഓഫ് എംപ്ലോയ്മെന്റ്), ലോറ സ്റ്റാൻഡ്‌ലാൻഡ് (ടാലന്റ് അകിസിഷൻ മാനേജർ), മൈക്ക് റീവ് ഹൗസ് ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ്), ഡോ. ജോജി കുര്യാക്കോസ് (നോർത്ത് ലിങ്കൺഷെയറിൽ നിന്നുള്ള കൺസൽട്ടന്റ് സൈക്കോളജിസ്റ്റ്) എന്നിവർ സന്നിഹിതരായിരുന്നു.

# ജർമ്മൻ മേയർ മിലൻ കൊച്ചിയിൽ

കൊച്ചി: ജർമ്മനിയിലെ ബിർക്കനൗ നഗരത്തിലെ മേയറും കൊച്ചിക്കാരനുമായ മിലൻ മാപ്പിളശ്ശേരി കൊച്ചി മേയർ അഡ്വ.എം അനിൽകുമാറിനെ സന്ദർശിച്ചു. ജർമ്മനിയിലെ ഭരണകക്ഷിയായ ക്രിസ്ത്യൻ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയെ തിരഞ്ഞെടുപ്പിൽ തോൽപ്പിച്ചാണ് സ്വതന്ത്ര അംഗമായ മിലൻ സിറ്റി മേയറായത്. ജർമ്മനിയിലെ ഹെസ്സി സംസ്ഥാനത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറു മുനിസിപ്പൽ നഗരമാണ് ബിർക്കനൗ നഗരം. നഗരത്തിലെ ജനസംഖ്യ ഏകദേശം പതിനായിരത്തോളം ആണ്. ജർമ്മനിയിലെ മറ്റെല്ലാ നഗരങ്ങളെയും പോലെ ബിർക്കനൗ നഗരവും നേരിടേണ്ടിവരുന്ന വെല്ലുവിളി കുടിയേറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. യിക്രൈനിൽനിന്നും സിറിയയിൽ നിന്നും അഫ്ഗാനിസ്ഥാനിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നുമുള്ള കുടിയേറ്റക്കാരെ പുനരധിവസിപ്പിക്കുന്നത് നഗരത്തിന്റെ വലിയൊരു തലവേദനയാണെന്ന് മേയർ മിലൻ പറഞ്ഞു. ജർമൻ ദേശീയ സർക്കാരിന്റെ നയം അനുസരിച്ച് ഓരോ നഗരവും പ്രതിവർഷം ആനുപാതികമായി കുടിയേറ്റക്കാരെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ ചിലവ് മുഴുവൻ വഹിക്കേണ്ടി വരുന്നത് നഗരങ്ങളാണ്. ഇത് വലിയൊരു സാമ്പത്തിക ബാധ്യതയാണ് ഉണ്ടാക്കുന്നതെന്നും മേയർ മിലൻ പറഞ്ഞു.

കൊച്ചി വടുതല സ്വദേശിയായ മേയർ മിലൻ താൻ കുട്ടിക്കാലത്ത് കണ്ട കൊച്ചി നഗരത്തിൽ നിന്ന് ബഹുദൂരം മുന്നോട്ടുപോയ കൊച്ചി നഗരത്തെ പറ്റി വാചാലനായി. അമ്പരപ്പിക്കുന്ന രീതിയിലുള്ള വളർച്ചയാണ് കൊച്ചി നഗരത്തിന് ഉണ്ടായിട്ടുള്ളത് എന്നും ലോകത്തിലെ ഏതു വികസിത നഗരത്തോടും കിടപിടിക്കാൻ തക്കത്തിലുള്ള ഒരു നഗരമായി കൊച്ചി മാറിയിട്ടുണ്ടെന്നും മേയർ മിലൻ പറഞ്ഞു. ജർമ്മൻ ഗവൺമെൻറിന്റെ സഹായത്തോടെ ഇന്ത്യയിൽ നടക്കുന്ന നിരവധി പദ്ധതികളിൽ കൊച്ചി നഗരത്തിന് പ്രാമുഖ്യം ലഭിക്കുന്നു എന്നത് ഏറെ സന്തോഷം നൽകുന്നുവെന്നും, കൊച്ചിയും ബിർക്കനൗ നഗരവുമായി വാണിജ്യ സാംസ്ക്കാരിക മേഖലകളിൽ സഹകരണം ഉറപ്പാക്കുന്നതിന് ശ്രമിക്കുമെന്നും മേയർ മിലൻ കൊച്ചി മേയറുമായുള്ള ചർച്ചയിൽ അറിയിച്ചു. കൊച്ചി നഗരത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന അന്താരാഷ്ട്ര സഹകരണം നഗരത്തിന്റെ വികസനത്തിന് ഏറെ ഗുണകരമാകുന്നുണ്ടെന്നും ബിർക്കനൗ നഗരവുമായുള്ള വിവിധ മേഖലകളിലുള്ള സഹകരണത്തിന് കൊച്ചി തയ്യാറാണെന്നും മേയർ അഡ്വ. എം അനിൽകുമാർ അറിയിച്ചു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ശ്രീമതി. ചെൽസാസിനി ഐ.എ.എസ്, മുൻ കൗൺസിലറും സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായിരുന്ന ശ്രീ പി എൻ സീനുലാൽ, സിഹെഡ് ഡയറക്ടർ ഡോ.രാജൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# ഭാരതി ഹെക്സാകോം ഐപിഒയ്ക്ക് അനുമതി തേടി

**കൊച്ചി:** വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും രാജസ്ഥാനിലും ഉപഭോക്തൃ മൊബൈൽ, ഫിക്സഡ് ലൈൻ ടെലിഫോൺ, ബ്രോഡ്ബാൻഡ് സേവനങ്ങൾ ലഭ്യമാക്കുന്ന ഭാരതി ഹെക്സാകോം ലിമിറ്റഡ് ഐപിഒയ്ക്ക് അനുമതി തേടി സെബിയ്ക്ക് ഡിആർഎച്ച്പി സമർപ്പിച്ചു. ഓഹരി ഒന്നിന് അഞ്ച് രൂപ മുഖവിലയുള്ള 100,000,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ബിഒബി ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ബൈ മോർ, സേവ് മോർ ഓഫറുമായി മിഅ ബൈ തനിഷ്ക്



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും ഫാഷനബിൾ ജ്വല്ലറി ബ്രാൻഡായ മിഅ ബൈ തനിഷ്ക് ആകർഷകമായ ബൈ മോർ, സേവ് മോർ ഓഫർ അവതരിപ്പിച്ചു. മിഅ ബൈ തനിഷ്കിന്റെ എല്ലാ ഡയമണ്ട് ആഭരണങ്ങൾക്കും ഓഫറിലൂടെ 20 ശതമാനം വരെ ഇളവ് ലഭിക്കും.3 മുതൽ 20 ശതമാനം വരെ വിലക്കിഴിവാണ് വിവിധ ആഭരണങ്ങൾക്കായി ലഭ്യമാക്കുന്നത്. കൂടാതെ, 75,000 രൂപയിൽ കൂടുതൽ തുകയ്ക്ക് ഡയമണ്ട് ആഭരണങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് 20 ശതമാനം ഇളവും നൽകും. മിഅ ബൈ തനിഷ്കിന്റെ എല്ലാ റീട്ടെയിൽ സ്റ്റോറുകളിലും ഓൺലൈൻ ചാനലുകളിലും ഡയമണ്ട് ആഭരണങ്ങൾക്ക് 2024 ഫെബ്രുവരി 26 വരെ ഈ ഓഫർ ലഭ്യമാണ്.അതിശയകരമായ ഡിസൈനുകളിലുള്ള സ്റ്റഡുകൾ, മോതിരങ്ങൾ, വളകൾ, കമ്മലുകൾ, ഇയർ കഫുകൾ, നെക്ലേസ്, പെൻഡൻറുകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ആഭരണ ശേഖരങ്ങൾ ഈ പ്രത്യേക ഓഫറിൽ ലഭ്യമാണ്. തിളങ്ങുന്ന ഡയമണ്ടുകൾ ഘടിപ്പിച്ച മിന്നുന്ന സ്വർണ്ണാഭരണങ്ങളും ഈ ശ്രേണിയിൽ മിഅ ബൈ തനിഷ്ക് അവതരിപ്പിക്കുന്നു. പാർട്ടികൾ മുതൽ വാർഷികങ്ങൾ, വാലന്റൈൻസ് ഡേ, കോക്ക്ടെയ്ൽ സായാഹ്നങ്ങൾ, ജന്മദിനങ്ങൾ എന്നിവയ്ക്ക് വരെ അനുയോജ്യമാണ് മിഅ ബൈ തനിഷ്കിന്റെ ആഭരണങ്ങൾ.

അതുല്യവും സ്റ്റൈലിഷുമായ മിഅ ബൈ തനിഷ്ക് ആഭരണങ്ങൾ ശേഖരിക്കാനുള്ള മികച്ച അവസരമാണിത്. എല്ലാവരും ഇഷ്ടപ്പെടുന്ന മിനിമലിസ്റ്റിക് ഡിസൈനുകളും ബോൾഡ് പീസുകളും മിഅ ബൈ തനിഷ്കിൽ ലഭ്യമാണ്.

# ന്യൂജെൻ ആയി പ്ലാന്റേഷൻ മേഖല



**കൊച്ചി:** കേരളത്തിലെ ഏറ്റവും പഴയ വ്യവസായങ്ങളിലൊന്നായ പ്ലാന്റേഷൻ മേഖലയിൽ ഇന്ന് നടക്കുന്ന ടെക്നോളജി വിപ്ലവമാണ്. മരുന്നടി മുതൽ ഫാക്ടറി മാനേജ്മെൻറ് വരെ ആധുനിക സാങ്കേതിക വിദ്യയുടെ കടന്നുകയറ്റമാണ് നടക്കുന്നത്. സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള പ്ലാന്റേഷൻ ഡയറക്ട്രേറ്റ് സംഘടിപ്പിച്ച പ്ലാൻറേഷൻ എക്സ്പോയിൽ ന്യൂജെൻ ടെക്നോളജിയുടെ വിപുലമായ പ്രദർശനമാണ് ഒരുക്കിയിട്ടുള്ളത്.തോട്ടം മേഖലയിൽ ആധുനിക സാങ്കേതികവിദ്യയുടെ വരവ് താരതമ്യേനെ പതുക്കെയായിരുന്നെങ്കിലും ടെക്നോളജി സ്റ്റാർട്ടപ്പുകളുടെ വരവോടെ ഇതിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടായി എന്ന് പ്ലാൻറേഷൻ സ്പെഷ്യൽ ഓഫീസറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ ശ്രീ ഹരികിഷോർ അഭിപ്രായപ്പെട്ടു.

വൻകിട തോട്ടങ്ങൾ പലതും ഇന്ന് ആധുനിക സാങ്കേതികവിദ്യയിലെ വിവിധ സേവനങ്ങൾ ഉപയോഗിച്ചു വരുന്നു. തോട്ടം മേഖലയിലെ ഉത്പാദനച്ചെലവ് ഗണ്യമായി കുറയുമെന്നതിനാൽ കൂടുതൽ തോട്ടമുടമകൾ ആധുനികവത്കരണത്തിലേക്ക് എത്തുകയാണെന്നും അദ്ദേഹം പറഞ്ഞു.ഏക്കർ കണക്കിനു വരുന്ന തോട്ടങ്ങളിലെ കീടനാശിനി പ്രയോഗം, രോഗനിർണയം, ജലസേചനം തുടങ്ങിയ കാര്യങ്ങൾ ഇന്ന് ഓട്ടോമേഷനിലൂടെയാണ് നടക്കുന്നത്. നിരവധി സ്വകാര്യ കമ്പനികളും സർക്കാർ സ്ഥാപനമായ കാംകോയുമെല്ലാം ഡ്രോണുകളുടെ പ്രദർശനം പ്ലാൻറേഷൻ എക്സ്പോയിൽ ഒരുക്കിയിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷനിലെ കമ്പനിയായ ഫ്യൂസലേജുമായി ചേർന്നാണ് കാംകോ ഡ്രോണുകൾ വിൽപന നടത്തുന്നത്.എന്നാൽ ഈ മേഖലയിലെ സ്വകാര്യപങ്കാളിത്തവും ശ്രദ്ധേയമാണ്. ഒരു ഡ്രോണുപയോഗിച്ച് ആകാശനിരീക്ഷണം നടത്തി രോഗം ബാധിച്ച ചെടികൾ കണ്ടെത്തുന്നു. ഈ ഡാറ്റ തത്സമയം കീടനാശിനി ഡ്രോണിലേക്ക് അയച്ച് അവിടെ മാത്രം ആവശ്യമായ മരുന്നടിക്കുന്ന സാങ്കേതികവിദ്യ പലരും നൽകുന്നുണ്ട്.

നിർമ്മിതബുദ്ധിയും മെഷീൻ ലേണിംഗും അടിസ്ഥാനമാക്കിയ തുള്ളിനനയാണ് മറ്റൊരു താരം. ഇസ്രായേലിൽ നിന്നുള്ള സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയ ഉത്പന്നങ്ങൾ ഇവിടെ പ്രദർശനത്തിനെത്തിച്ചിരിക്കുന്നു.

നൂറേക്കർ മുതൽ ഗാർഹികമായ ചെറുകൃഷിയിടങ്ങൾക്ക് വരെയുള്ള തുള്ളിനന ഉത്പന്നങ്ങൾ ഒരുക്കിയിട്ടുണ്ട്. വെറും മൊബൈൽ ഫോണിലൂടെ നൂറുകണക്കിന് ഏക്കറിലെ നനയ്ക്കൽ സാധ്യമാകുന്നതാണ് പല ടെക്നോളജികളും.തോട്ടങ്ങളുടെ ഭരണനിർവഹണം ചരക്ക് സംഭരണം, തൊഴിലാളികളുടെ ഡാറ്റ മുതലായവ ഓട്ടോമേറ്റ് ചെയ്യുന്ന സംരംഭങ്ങളും പ്ലാൻറേഷൻ എക്സ്പോയിലുണ്ട്.

വരും നാളുകളിൽ കൂടുതൽ തോട്ടമുടമകൾ ആധുനികവത്കരണത്തിലേക്ക് കടന്നു വരുമെന്ന പ്രതീക്ഷയാണ് പ്ലാൻറേഷൻ ഡയറക്ടറേറ്റ് വച്ച് പുലർത്തുന്നത്.

# തീയതി ദീർഘിപ്പിച്ചു

**കൊച്ചി:** സംസ്ഥാനത്തെ ടോപ്പ് ക്ലാസ് സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാലയങ്ങളിൽ 9,11 ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി./ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ടോപ്പ് ക്ലാസ് സ്കൂൾ എഡ്യൂക്കേഷ൯ ഫോർ ഒബിസി, ഇബിസി ആൻറ് ഡിഎൻടി 'പദ്ധതി പ്രകാരം അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2024 ജനുവരി 31 ഉം ഈ അപേക്ഷകൾ ബന്ധപ്പെട്ട സ്കൂളുകളിൽ പരിശോധിക്കുന്നതിനുംഅപേക്ഷകളിലെ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2024 ഫെബ്രുവരി 15 ഉം അപേക്ഷകൾ ജില്ലാ തലത്തിൽ പരിശോധിക്കുന്നതിനുള്ള അവസാന തീയതി 2024 ഫെബ്രുവരി 26 ഉം ആയി ദീർഘിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് https://scholarships.gov.in/ വെബ് പോർട്ടൽ സന്ദർശിക്കാവുന്നതാണ്.

# പ്ലാന്റേഷൻ എക്സ്പോ സമാപിച്ചു

**കൊച്ചി:** പ്ലാൻറേഷൻ മേഖലയുടെ സമഗ്ര നവീകരണത്തിലൂടെ സാമൂഹ്യ ഉന്നമനമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് പറഞ്ഞു. വ്യവസായ വകുപ്പിന് കീഴിലുള്ള പ്ലാൻറേഷൻ ഡയറക്ട്രേറ്റ് കൊച്ചിയിൽ സംഘടിപ്പിച്ച രണ്ടാമത് പ്ലാൻറേഷൻ എക്സ്പോയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.സ്വതന്ത്ര്യവ്യാപാരകരാറിൻറെ പരിണിത ഫലമായി തോട്ടം മേഖല നേരിട്ട പ്രതിസന്ധി ചില്ലറയല്ല. വൈവിധ്യവത്കരണം, മൂല്യവർധനം, തരിശ് ഭൂമിയിൽ കൃഷി തുടങ്ങിയവയ്ക്ക് പ്രാമുഖ്യം നൽകണം. ചുവരുണ്ടെങ്കിലേ ചിത്രമെഴുതാൻ സാധിക്കൂവെന്ന കാര്യം തൊഴിലാളികളും തോട്ടമുടമകളും മനസിലാക്കണം. തോട്ടങ്ങളിലെ ലയങ്ങളുടെ നവീകരണം സംബന്ധിച്ച് പുതിയ പദ്ധതി തയ്യാറായി വരികയാണ്. ഇതോടെ വലിയൊരു സാമൂഹ്യ ഉന്നമനം സർക്കാർ ലക്ഷ്യം വയ്ക്കുന്നു. കേരള ക്ലൈമറ്റ് റിസൈലൻറ് അഗ്രി വാല്യു ചെയിൻ മോഡണൈസേഷൻ) (കേര) എന്ന ലോകബാങ്ക് പദ്ധതി വിഹിതത്തിൻറെ വലിയൊരു ഭാഗം പ്ലാൻറേഷനു വേണ്ടി മാറ്റിവയ്ക്കാൻ പോവുകയാണെന്നും അദ്ദേഹം പറഞ്ഞു.പ്ലാൻറേഷൻ എക്സ്പോയിലെ മികച്ച പ്രകടനത്തിനുള്ള പുരസ്ക്കാരങ്ങൾ ചടങ്ങിൽ സമ്മാനിച്ചു. വൻകിട തോട്ടങ്ങളുടെ സ്റ്റാളിനുള്ള മികച്ച പുരസ്ക്കാരം കോട്ടനാട് പ്ലാൻറേഷൻ കരസ്ഥമാക്കി. ചെറുകിട തോട്ടങ്ങൾക്കുള്ള സ്റ്റാളിൻറെ പുരസ്ക്കാരം ജെയിൻ ഫുഡ്സിനാണ്.



## ഗ്ലോബൽ പബ്ലിക് സ്കൂളിൽ ആഘോഷമായി ഗ്രാജുവേഷൻ ചടങ്ങ്

**കൊച്ചി:** തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂളിലെ ഇക്കൊല്ലത്തെ ഗ്രാജുവേഷൻ ചടങ്ങ് 'ഗ്ലോ ആസ് യൂ ഗ്രോ' ആഘോഷപൂർവ്വം സംഘടിപ്പിച്ചു. ഗ്ലോബൽ എജ്യുക്കേഷൻ ട്രസ്റ്റിനു കീഴിൽ വരുന്ന സിബിഎസ്ഇ, കേംബ്രിഡ്ജ് അസസ്മെന്റ് ഇന്റർനാഷണൽ എക്സാമിനേഷൻ (ജിപിഎസ്ഇന്റർനാഷണൽ), ഇന്റർനാഷണൽ ബക്കാലോറേറ്റ് (ജിപിഎസ് ബ്രൂക്ക്സ്, കൊച്ചി) എന്നിവയിലുൾപ്പെട്ട 163 വിദ്യാർത്ഥികൾക്കാണ് ഗ്രാജുവേഷൻ സമ്മാനിച്ചത്.

പുരക്കൽ ജോസഫ് സ്മാരക ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ സൈബർ ക്രൈം ഇൻവെസ്റ്റിഗേറ്റർ ഡോ. പട്ടത്തിൽ ധന്യ മേനോൻ മുഖ്യാതിഥിയായി. ഗ്രാജുവേഷൻ സമർപ്പണവും നിർവ്വഹിച്ചു. സ്കൂൾ ചെയർമാൻ പി ജേക്കബ്, ഡയറക്ടർ ജോഹാൻ പി ജേക്കബ്; ചെയർമാന്റെയും ബോർഡ് ഓഫ് ട്രസ്റ്റസിന്റെയും ഉപദേഷ്ടാവ് ലക്ഷ്മി രാമചന്ദ്രൻ, പ്രിൻസിപ്പൽ സരിത ജയരാജ്, കൊച്ചി സ്കൂൾ ജിപിഎസ് ബ്രൂക്ക്സ് മേധാവി ഷീന വർഗീസ് ജോഷി, ജിപിഎസ്ഇന്റർനാഷണൽ മേധാവി എൻ ആർ ശ്രീദേവി എന്നിവരും മറ്റ് പ്രമുഖരും മാതാപിതാക്കളും സന്നിഹിതരായി.

ലക്ഷ്മി രാമചന്ദ്രൻ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു. വിദ്യാർത്ഥികളും മാതാപിതാക്കളും പിന്നിട്ട അക്കദമിക് യാത്രയുടെ അനുഭവങ്ങൾ പങ്കുവച്ചു.

# തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകും: മന്ത്രി വി. ശിവൻകുട്ടി

**കൊച്ചി:** വിദ്യാഭ്യാസ രംഗത്ത് തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രാധാന്യം നൽകുന്ന പഠന രീതികൾ ആരംഭിക്കുമെന്ന് പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള മരട് ഗവ. ഐ.ടി.ഐ യിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു ശിവൻകുട്ടി.

സംസ്ഥാനത്തെ ഐ ടി ഐ കളെ കാലാനുസൃതമായി വികസിപ്പിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനുമുള്ള നിരവധി പദ്ധതികൾ സർക്കാർ പരിഗണനയിലുണ്ട്. യുവതലമുറയെ വാർത്തെടുക്കുന്നതിൽ ഇത്തരം സ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കുന്നു. യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിലൂടെ കൂടുതൽ തൊഴിലാളികളെ വാർത്തെടുക്കാനാകുമെന്നും സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അവരുടെ പങ്കാളിത്തം ഉറപ്പാക്കാനാകുമെന്നും ശിവൻകുട്ടി പറഞ്ഞു.

വിദ്യാർത്ഥികളിൽ സ്വയംതൊഴിൽ സംരംഭകത്വം, പാഠ്യേതര വിഷയങ്ങളിൽ അറിവ്, സാമൂഹ്യബോധം എന്നിവ രൂപപ്പെടുന്നതിൽ മരട് ഐടിഐ മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന പ്ലേസ്മെന്റ് സെൽ ട്രെയിനികൾക്ക് വിശാലമായ തൊഴിലവസരം നൽകുന്നുവെന്നും ശിവൻകുട്ടി പറഞ്ഞു.

വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഐ.ടി.ഐക്ക് 2019 സംസ്ഥാന സർക്കാർ അനുവദിച്ച 9.39 കോടി രൂപ വിനിയോഗിച്ചാണ് പുതിയ കെട്ടിട നിർമ്മിച്ചത്. രണ്ട് നിലകളിലായി നിർമ്മിച്ച പുതിയ കെട്ടിടത്തിൽ ഗ്രൗണ്ട് ഫ്ലോറിൽ രണ്ട് ക്ലാസ് മുറികൾ, ഇലക്ട്രോണിക്സ്/മെക്കാനിക്കൽ വർക്ക് ഷോപ്പ്, വെൽഡർ വർക്ക് ഷോപ്പ്, സ്റ്റോർ റൂം, ഇലക്ട്രിക് റൂം, ശുചിമുറി എന്നിവയും രണ്ടാം നിലയിൽ ഇലക്ട്രിഷ്യൻ വർക്ക് ഷോപ്പ്, ഐ.ടി. ലാബ്, ക്ലാസ് മുറി, ഓഫീസ് സ്റ്റാഫ് മുറി എന്നിവയുമാണുള്ളത്.

ചടങ്ങിൽ കെ. ബാബു എംഎൽഎ അധ്യക്ഷത വഹിച്ചു. പൊതുമരാമത്ത് വകുപ്പ് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ. ബിനു റിപ്പോർട്ട് അവതരിപ്പിച്ചു. മരട് നഗരസഭ ചെയർമാൻ ആന്റണി ആശാൻപറമ്പിൽ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബിനോയ് ജോസഫ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബേബി പോൾ, എംപ്ലോയ്മെന്റ് & ട്രെയിനിങ് ഡയറക്ടർ ഡോ. വീണാ എൻ മാധവൻ, വ്യാവസായിക പരിശീലന വകുപ്പ് അഡിഷണൽ ഡയറക്ടർ കെ. പി ശിവശങ്കർ, നോഡൽ ഐടിഐ പ്രിൻസിപ്പാൾ ഗവ. ഐ.ടി.ഐ കളമശ്ശേരി പി.കെ രഘുനാഥൻ, മരട് ഐടിഐ പ്രിൻസിപ്പാൾ കെ.സി അനിത. നഗരസഭ കൗൺസിലർമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലെ ഇടപ്പള്ളി അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിലെ 127 അങ്കണവാടികളിലേക്ക് രജിസ്റ്ററും കണ്ടിജൻസി സാധനങ്ങളും വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ഫെബ്രുവരി മൂന്നിന് ഉച്ചയ്ക്ക് രണ്ട് വരെ ടെൻഡറുകൾ സമർപ്പിക്കാം. ഫോൺ: 9188959723

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലെ ഇടപ്പള്ളി അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിലെ 127 അങ്കണവാടികൾക്ക് ആവശ്യമുള്ള പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ഫെബ്രുവരി മൂന്നിന് ഉച്ചയ്ക്ക് രണ്ട് വരെ ടെൻഡറുകൾ സമർപ്പിക്കാം. അന്നേദിവസം ഉച്ചകഴിഞ്ഞ് മൂന്നിന് ടെൻഡറുകൾ തുറക്കും.

## ജനാധിപത്യത്തിൽ ഏറ്റവും ശക്തമായ പ്രക്രിയയാണ് തിരഞ്ഞെടുപ്പ്: കളക്ടർ

**കൊച്ചി:** ജനാധിപത്യത്തിലെ ഏറ്റവും ശക്തമായ പ്രക്രിയയാണ് തിരഞ്ഞെടുപ്പെന്ന് ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷ്. തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന്റെ പ്രാധാന്യം ജനങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജില്ലയിൽ പര്യടനം നടത്തുന്ന വോട്ട് വണ്ടി എറണാകുളം സെന്റ് തെരേസസ് കോളേജിൽ ഫ്ലാഗ് ഓഫ് ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജനാധിപത്യത്തിൽ ജനങ്ങളാണ് ഭരണകർത്താക്കൾ. ഓരോ പൗരന്മാരുമാണ് ജനപ്രതിനിധികളെ തീരുമാനിക്കുന്നത്. അഞ്ചുവർഷം കൂടുമ്പോൾ വരുന്ന തിരഞ്ഞെടുപ്പുകളിലൂടെ ജനങ്ങൾ അവരുടെ ശക്തി തിരിച്ചറിയുകയാണ്. പോളിംഗ് ബൂത്തിൽ എല്ലാവരും തുല്യരാണെന്നും 18 വയസ്സ് പൂർത്തിയായ എല്ലാവരും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കാളികളാകണമെന്നും കളക്ടർ അഭ്യർഥിച്ചു.

പരിപാടിയിൽ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എസ്. ബിന്ദു, കണയന്നൂർ താലൂക്ക് തഹസിൽദാർ ബിനു സെബാസ്റ്റ്യൻ, സെന്റ് തെരേസസ് കോളേജ് വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. എം. എസ് കല തുടങ്ങിയവർ പങ്കെടുത്തു.വോട്ട് ചെയ്യുന്നതിലെ സംശയങ്ങളും തെറ്റിദ്ധാരണകളും മാറ്റുക, വോട്ടിംഗ് മെഷീൻ പരിചയപ്പെടുത്തുക, എങ്ങനെ വോട്ട് ചെയ്യണമെന്ന് ജനങ്ങളെ പരിശീലിപ്പിക്കുക, തെരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക തുടങ്ങിയവയാണ് വോട്ട് വണ്ടി പര്യടനത്തിലൂടെ ലക്ഷ്യമിടുന്നത്.

# തൃക്കാക്കര നഗരസഭ പരിധിയിലുള്ള വനിതകൾക്ക് സ്കോളർഷിപ്പോടെ നൈപുണ്യ പരിശീലനം

**കൊച്ചി:** തൃക്കാക്കര നഗരസഭയിലെ വിദ്യാർത്ഥികൾക്കും, യുവാക്കൾക്കും, വയോജനങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ വിദ്യാഭ്യാസ നൈപുണ്യ വികസനം യാഥാർഥ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവിധ പരിപാടികൾ 202324 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി നഗരസഭ പരിധിയിലുള്ള വനിതകൾക്ക് തൊഴിൽ പരിശീലനം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നൈപുണ്യ പരിശീലന സ്ഥാപനമായ അസാപ് കേരളയിലൂടെ നൽകും.

SC/ST വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 100% സ്കോളർഷിപ്പും, മറ്റു വിഭാഗത്തിൽ പെടുന്നവർക്ക് 25% ഗുണഭോക്തൃ വിഹിതം നൽകി 75% സ്കോളർഷിപ്പോടുകൂടി പരിശീലനം നേടാൻ സാധിക്കും.

ഉയർന്ന ജോലി സാധ്യതയുള്ള അത്യാധുനിക ടെക്നോളജി ആയ വിർച്ച്യുൽ റിയാലിറ്റി പരിശീലനം എടുത്ത് പറയേണ്ടതാണ്. വി. ആർ ഡെവലപ്പർ, ഡിജിറ്റൽ മാർക്കറ്റിംഗ് , ജി. എസ്. ടി യൂസിങ് ടാലി, ഫിറ്റ്നസ് ട്രെയിനർ, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, ഹൈഡ്രോപോണിക്സ് ഗാർഡ്നർ എന്നീ കോഴ്സുകൾക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്.

### കോഴ്സുകൾ

**ഫിറ്റ്നസ് ട്രെയിനർ :** ഫിറ്റ്നസ് മേഖലയിൽ താല്പര്യമുള്ളവർക്ക് ഒരു പുതിയ കരിയർ കണ്ടെത്തുവാനും നിലവിൽ ജിം ട്രെയിനർ ആയി പ്രവർത്തിക്കുന്നവർക്കു സെർട്ടിഫൈഡ് ട്രെയിനർ ആകാനുള്ള അവസരവും കോഴ്സിലൂടെ ലഭിക്കുന്നു. 300 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ +2 പാസ്സാവർക്ക് പങ്കെടുക്കാം.

**ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് :** ഹോസ്പിറ്റലുകളിൽ സഹായിയായി ജോലി ചെയ്യാനുള്ള പരിശീലനം നൽകുന്ന കോഴ്സാണ് ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്. ഹോസ്പിറ്റലിൽ നടക്കുന്ന ഇന്റേൺഷിപ് ഉൾപ്പെടെ ആണ് പരിശീലനം നൽകുന്നത്. 300 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ ടടഘഇ പാസ്സാവർക്ക് പങ്കെടുക്കാം.

**ഹൈഡ്രോപോണിക്സ് ഗാർഡ്നർ :** പുത്തൻ കൃഷി രീതിയായ ഹൈഡ്രോപോണിക്സിലാണ് പരിശീലനമാണ് നൽകുന്നത്. കൃഷിക്ക് ആവശ്യമായ കിറ്റും നടീൽവിത്തുകളും ഇതോടൊപ്പം നൽകും. 100 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ താല്പര്യമുള്ളവർക്ക് ആർക്കും പങ്കെടുക്കാം.

കോഴ്സുകളുടെ വിശദ വിവരങ്ങൾക്ക് തൃക്കാക്കര നഗരസഭ വ്യവസായ ഓഫീസുമായോ, കളമശ്ശേരി കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന, അസാപിന്റെ കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കുമായോ ബന്ധപ്പെടാവുന്നതാണ്. വിളിക്കേണ്ട ഫോൺ നമ്പർ 9995618202/ 97785 98336

കോഴ്സുകളുടെ മറ്റു വിശദാംശങ്ങൾ www.asapkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

## ഇലക്ട്രീഷ്യൻ നിയമനം

**കൊച്ചി:** ഒരു സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനത്തിൽ ഇലക്ട്രീഷ്യൻ തസ്തികയിൽ ഈഴവ വിഭാഗക്കാർക്കുള്ള ഒരു താൽക്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ / തത്തുല്യ യോഗ്യത, കേന്ദ്ര / സംസ്ഥാന സർക്കാർ / അർദ്ധസർക്കാർ / സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള 3 വർഷത്തെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് തുടങ്ങിയ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

അപേക്ഷകർ 18നും 41നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജനുവരി 27ന് അകം യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം. ഈഴവ വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മറ്റ് സംവരണവിഭാഗക്കാരെയും പരിഗണിക്കുന്നതാണ്. ഫോൺ : 04842422458

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള കോതമംഗലം (അഡീഷണൽ) ഐ.സി.ഡി.എസ്. പ്രോജക്ടിൽ 2023 24 സാമ്പത്തിക വർഷം അങ്കണവാടികൾക്ക് പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് സാധനങ്ങൾ വാങ്ങുന്നതിനും, വിതരണം, ചെയ്യുന്നതിനുമായി നിബന്ധനകൾക്ക് വിധേയമായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ടെ9ഡർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് 5 നും ഇടയിൽ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിനടുത്ത് പ്രവർത്തിക്കുന്ന ഐസിഡിഎസ് കോതമംഗലം അഡീഷണൽ ഓഫീസിൽ ബന്ധപ്പെടാം ഫോൺ 0485 2828161, 9188959728). ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി : 03.02.2024.

# അഖില കേരള ചെസ്സ് മത്സരം സംഘടിപ്പിച്ച് ലയൺസ് ക്ലബ്ബ്



ലയൺസ് ക്ലബ്ബ് മൾട്ടിപ്പിൾ കൗൺസിലിന്റെ നേതൃത്വത്തിൽ 15 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി നടത്തിയ അഖില കേരള ചെസ്സ് മത്സര വിജയികൾക്ക് മുൻ ലയൺസ് ഇന്റർനാഷണൽ ഡയറക്ടറും മണപ്പുറം ഫൗണ്ടേഷൻ മാനേജിങ് ട്രസ്റ്റിയുമായ വി. പി നന്ദകുമാർ സമ്മാനം നൽകുന്നു

**കൊച്ചി:** ലഹരിക്കെതിരെ വിദ്യാർത്ഥികളെ ബോധവത്കരിക്കാൻ ലയൺസ് ക്ലബ്ബ് മൾട്ടിപ്പിൾ കൗൺസിലിന്റെ നേതൃത്വത്തിൽ 15 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി അഖില കേരള ചെസ്സ് മത്സരം സംഘടിപ്പിച്ചു. ഇടപ്പള്ളി ട്രിനിറ്റി കാസാ സെന്ററിൽ നടന്ന മത്സരം തൃക്കാക്കര എം.എൽ.എ ഉമാ തോമസ് ഉത്ഘാടനം ചെയ്തു. ലയൺസ് ക്ലബ്ബ് മൾട്ടിപ്പിൾ കൗൺസിൽ ചെയർപേഴ്സൺ സുഷമ നന്ദകുമാർ അധ്യക്ഷത വഹിച്ചു. വർധിച്ചുവരുന്ന ലഹരി ഉപയോഗത്തിൽനിന്നും വിദ്യാർത്ഥികളെ അകറ്റിനിർത്താൻ ഇത്തരം ടൂർണമെന്റുകൾകൊണ്ട് സാധ്യമാകുമെന്ന് ഉമാ തോമസ് പറഞ്ഞു. 'ഏതുതരത്തിലുള്ള ലഹരി ഉപയോഗവും സമൂഹത്തിന് ഭീഷണിയാണ്. ലഹരിയുടെ നീരാളിപ്പിടുത്തത്തിൽനിന്നും യുവതലമുറയെ രക്ഷിക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്. ആ ലക്ഷ്യത്തെ മുൻനിർത്തി, ലയൺസ് ക്ലബ്ബ് മൾട്ടിപ്പിൾ കൗൺസിൽ നടത്തിയ ചെസ്സ് മത്സരം വിനോദമെന്നതിലുപരി വിദ്യാർത്ഥികളുടെ ബുദ്ധി വികാസത്തിനും ഏറെ സഹായകരമാകും.' അവർ പറഞ്ഞു. മുൻ ലയൺസ് ഇന്റർനാഷണൽ ഡയറക്ടറും മണപ്പുറം ഫൗണ്ടേഷൻ മാനേജിങ് ട്രസ്റ്റിയുമായ വി. പി. നന്ദകുമാർ, സൺറൈസ് ഹോസ്പിറ്റൽ എം.ഡി പർവീൻ ഹഫീസ്, മുൻ വനിതാ കമ്മീഷൻ മെമ്പർ പ്രൊഫ. മോനമ്മ കോക്കാട്ട് എന്നിവർ വിജയികൾക്കുള്ള സമ്മാനവിതരണം ചെയ്തു.

ആൺ കുട്ടികളുടെ വിഭാഗത്തിൽ ആരുഷ് എ, പത്തനംതിട്ട ഒന്നാം സ്ഥാനവും, അനെക്സ്, തിരുവനന്തപുരം രണ്ടാം സ്ഥാനവും, ദ്രുവ് എസ് നായർ, തിരുവനന്തപുരം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പെൺകുട്ടികളുടെ വിഭാഗത്തിൽ നിരഞ്ജന എൻ ഒന്നാം സ്ഥാനവും, അമേയ എ ആർ, തിരുവനന്തപുരം രണ്ടാം സ്ഥാനവും, പ്രാർത്ഥന എസ്, ആലപ്പുഴ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. 16 മുതൽ 45 വയസ്സുള്ളവർക്കായി നടത്തിയ ഓപ്പൺ ചെസ്സ് മത്സരത്തിൽ എറണാകുളം ജില്ലയിൽ നിന്നുമുള്ള അഭിജിത് എം, മാർത്താണ്ടൻ കെ.യു, മാർട്ടിൻ സാമൂവൽ എന്നിവർ യഥാക്രമം വിജയികളായി.

ചടങ്ങിൽ ലയൺസ് മൾട്ടിപ്പിൾ പി ആർ ഒ ഡോ. സുചിത്രാ സുധീർ, ഡിസ്ട്രിക്ട് ഗവർണ്ണർമാരായ ഡോ. ബി. അജയകുമാർ, ഡോ. ബിനോ ഐ. കോശി, ഡോ. ബീനാ രവികുമാർ, ടോണി, ടി. കെ. രജീഷ്, മുൻ മൾട്ടിപ്പിൾ കൗൺസിൽ ചെയർമാൻ ശിവാനന്ദൻ, ഡിസ്ട്രിക്ട് പി ആർ ഒമാരായ അഡ്വ. ആർ. മനോജ് പാലാ, മാർട്ടിൻ ഫ്രാൻസിസ്, മോനമ്മ കോക്കാട്ട് എന്നിവർ പ്രസംഗിച്ചു.

# ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്, സീറോ സറണ്ടർ ചാർജ്ജുകളോടെ ആനുവിറ്റി പ്ലാൻ അവതരിപ്പിച്ചു

തിരുവനന്തപുരം: ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ബെനഫിറ്റ് എൻഹാൻസറോടു കൂടിയ ഐസിഐസിഐ പ്രു ഗ്യാരന്റീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി പുറത്തിറക്കി.

ഉപയോക്താക്കൾക്ക് പ്രീമിയം വാങ്ങിയ അന്നു മുതൽ എപ്പോൾ വേണമെങ്കിലും അടച്ച പ്രീമിയം 100 ശതമാനം തിരികെ ലഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന, ഇൻഷുറൻസ് മേഖലയിലെ ആദ്യത്തെ ആനുവിറ്റി പ്ലാനാണിതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. വിരമിക്കൽ ആസൂത്രണത്തിന് തയ്യാറെടുക്കുന്ന ഉപയോക്താക്കൾക്ക് ഉണ്ടായേക്കാവുന്ന എല്ലാ ആശങ്കകളും പരിഹരിക്കുന്ന സൗകര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പോളിസി ഉടമകൾക്ക് ജീവിച്ചിരിക്കുന്നിടത്തോളം കാലം വരുമാനം ലഭ്യമാകുന്ന സിംഗിൾ ലൈഫ് ഓപ്ഷനോ മരണശേഷം ജീവിത പങ്കാളിക്ക്, കുട്ടികൾക്ക്, മാതാപിതാക്കൾക്ക് അല്ലെങ്കിൽ സഹോദരങ്ങൾക്ക് വരുമാനം ലഭ്യമാകുന്ന ജോയിന്റ് ലൈഫ് ഓപ്ഷനോ തെരഞ്ഞെടുക്കാൻ അവസരമുണ്ട്. ജോയിന്റ് ലൈഫ് ഓപ്ഷനിൽ പോളിസി ഉടമ മരണപ്പെട്ടാൽ പിന്നീടുള്ള എല്ലാ പ്രീമിയവും ഒഴിവാക്കപ്പെടുകയും രണ്ടാം അവകാശിക്ക് ആജീവനാന്ത സ്ഥിര വരുമാനം ലഭിക്കുകയും ചെയ്യും. അപ്രതീക്ഷിത സാമ്പത്തിക ബാധ്യതകൾ മറികടക്കാൻ ഉപയോക്താക്കളെ സഹായിക്കുന്നതിന് ഈ പദ്ധതി വായ്പ സൗകര്യവും നൽകുന്നുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഇക്വിറ്റാസ് എസ്എഫ്ബി കേരളത്തിലെ പ്രവർത്തനം വിപുലീകരിക്കുന്നു



കൊച്ചി: ഇന്ത്യയിലെ മുൻനിര എസ്എഫ്ബികളിലൊന്നായ ഇക്വിറ്റാസ് സ്മോൾ ഫിനാൻസ് ബാങ്ക് കേരളത്തിലെ പ്രവർത്തനം വിപുലീകരിക്കുന്നു. ഇതിൻറെ ഭാഗമായി കൊച്ചിയിലും തൃശൂരുമായി രണ്ട് പുതിയ ശാഖകൾ തുറന്നു. ഇതോടെ ഇക്വിറ്റാസിൻറെ കേരളത്തിലെ ആകെ ശാഖകളുടെ എണ്ണം അഞ്ചായി.

സംസ്ഥാനത്തിൻറെ സാമ്പത്തിക, സാംസ്കാരിക ജില്ലകളെ ബന്ധിപ്പിക്കുന്ന ഈ വിപുലീകരണത്തിലൂടെ സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇടപാടുകാരുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്ന മികച്ച സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുകയാണ് ബാങ്ക് ലക്ഷ്യമിടുന്നത്. എൻആർഐ ഇടപാടുകാർക്ക് ഉൾപ്പെടെ സേവിങ്സിനും നിക്ഷേപങ്ങൾക്കും ഉയർന്ന പലിശയും ഇക്വിറ്റാസ് എസ്എഫ്ബി ലഭ്യമാക്കുന്നുണ്ട്.

# 2024ലെ ഡാക്കർ റാലിയിൽ റിക്കി ബ്രാബെക്കിന് കിരീടം



**കൊച്ചി:** ലോക റാലി റൈഡ് ചാമ്പ്യൻഷിപ്പായ ഡാക്കർ റാലി 2024ന്റെ 12ാം ഘട്ടവും പൂർത്തിയായതോടെ കിരീടം നേടി മോൺസ്റ്റർ എനർജി ഹോണ്ട ടീമിന്റെ റിക്കി ബ്രാബെക്ക്. സൗദി അറേബ്യയിൽ നടന്ന 967 കിലോമീറ്റർ റാലിയിലെ ജയത്തോടെ ഡാക്കർ കിരീടം രണ്ടു തവണ നേടുന്ന ഏക അമേരിക്കൻ റൈഡറെന്ന നേട്ടവും ബ്രാബെക്ക് സ്വന്തമാക്കി. 2020ലും 32കാരനായ ബ്രാബെക്കനായിരുന്നു കിരീടം. സമാപന ഘട്ടമായ 12ാം സ്റ്റേജിൽ അഞ്ചാം സ്ഥാനത്താണ് ഈ കാലിഫോർണിയക്കാരൻ ഫിനിഷ് ചെയ്തത്.

ചാമ്പ്യൻഷിപ്പിൽ മോൺസ്റ്റർ എനർജി ഹോണ്ട ടീമിന്റെ മറ്റു താരങ്ങളും മികച്ച പ്രകടനം നടത്തി. 12ാം സ്റ്റേജിൽ നാലാമതായി ഫിനിഷ് ചെയ്ത അഡ്രിയാൻ വാൻ ബെവറൻ ഓവറോൾ പോയിന്റിൽ മൂന്നാം സ്ഥാനം നേടി. 12ാം സ്റ്റേജിൽ പത്താമനായ ജോസ് ഇഗ്നാസിയോ നാച്ചോ ഓവറോൾ കിരീടത്തിൽ ആറാം സ്ഥാനത്തും, 12ാം സ്ഥാനത്തെത്തിയ പാബ്ലോ ക്വിന്റാനില്ല 11ാം സ്ഥാനത്തും ഓവറോൾ ചാമ്പ്യൻഷിപ്പ് പൂർത്തിയാക്കി.

